**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3634** **26-10-2021 - ൽ മറുപടിയ്ക്ക്**

**ബോണ്ട് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ബോണ്ട് സർവീസുകൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കുമ്പോൾ ഗ്രാമീണ മേഖലകളിലേക്കുള്ള സർവ്വീസുകൾ മുടങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോണ്ട് സർവ്വീസുകൾക്ക് പ്രത്യേകം ബസ്സുകളാണ് അനുവദിക്കുന്നത്. |
| (ബി) | സ്കൂളുകൾക്കായി പ്രത്യേക ബസ്സുകൾ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ദീർഘദൂര സർവ്വീസുകൾ ഉൾപ്പെടെ തടസ്സമില്ലാതെ നടത്തുന്നതിന് പൂർണ്ണസജ്ജമായ ബസുകൾ ഉണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | കെ.എസ്.ആർ.ടി.സി. നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകൾ നിലവിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല പൂൾ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഏതെങ്കിലും സർവ്വീസുകൾ ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന സാഹചര്യത്തിൽ കേന്ദ്രീകൃത ജില്ലാ പൂൾ സംവിധാനത്തിൽ നിന്നും ബസ് ഉറപ്പ് വരുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ